സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com | വാള്യം: 59 | ലക്കം: 151 | 2024 സെപ്തംബർ 28 ശനി | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in

## സംസ്ഥാനത്ത് 7ദിവസം മഴ കനക്കും

തിരുഛ സംസ്ഥാനത്ത് ഇന്ന് മുതൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പ്. ബംഗാൾ ഉൾക്കടലിൽ ശ്രീലങ്കയ്ക്ക് സമീപം ചക്രവാതച്ചുഴി രൂപപ്പെട്ടതിന്റെ പശ്ചാത്തലത്തിലാണ് മഴ മുന്നറിയിപ്പ് പ്രഖ്യാപിച്ചിരിക്കുന്നത്. ഒരാഴ്ച വ്യാപക മഴയ്ക്ക് സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്. മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ വിവിധ ജില്ലകളിൽ യെല്ലോ അലേർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകളിലാണ് ഇന്ന് യെല്ലോ അലേർട്ട് പ്രഖ്യാപിച്ചിരിക്കുന്നത്. നാളെയും മറ്റന്നാളും ഈ ജില്ലകളിൽ യെല്ലോ അലേർട്ടായിരിക്കും. കടൽ ക്ഷോഭത്തിന് സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണമെന്നും കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഉയർന്ന തിരമാലയ്ക്ക് സാധ്യതയുള്ളതിനാൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്. ു.

## അർജുന് കണ്ണീരോടെ വിട; പ്രണാമം അർപ്പിച്ച് കേരളം, മൃതദേഹം വീട്ടുവളപ്പിൽ സംസ്കരിച്ചു



കോഴിക്കോട്: കേരളത്തിന്റെ മുഴുവൻ സ്നേഹത്തേയും ആദരവിനേയും സാക്ഷി നിർത്തി അർജുന് വിട. ഗംഗാവലി പുഴ ആഴങ്ങളിലൊളിപ്പിച്ച അർജുന്റെ മൃതദേഹം കണ്ണാടിക്കലെ വീട്ടിൽ അഗ്നിനാളങ്ങൾ ഏറ്റുവാങ്ങി.

അർജുനെ ഒരുനോക്ക് കാണാൻ, അന്ത്യാഞ്ജലി അർപ്പിക്കാൻ ഒരു നാട് മുഴുവൻ ഇപ്പോഴും കണ്ണാടിക്കലിലെ വീടിന് പുറത്തുണ്ട്. ശനിയാഴ്ച രാവിലെ 11.15–ഓടെയാണ് സംസ്കാരച്ചടങ്ങുകൾ ആരംഭിച്ചത്. വീടിനുപിന്നിലായാണ് അർജുന്റെ ചിത ഒരുക്കിയത്. 11.45–ഓടെ ചടങ്ങുകൾ പൂർത്തിയായി. സഹോദരൻ അഭിജിത്താണ് ചിതയ്ക്ക് തീ പകർന്നത്.

മന്ത്രിമാരായ കെ.ബി. ഗണേഷ് കുമാർ, എ.കെ. ശശീന്ദ്രൻ, കാർവാർ എം.എൽ.എ സതീഷ് സെയിൽ, മുങ്ങൽ വിദഗ്ധൻ ഈശ്വർ മൽപെ, എം.പി.മാരായ എം.കെ.രാഘവൻ, ഷാഫി പറമ്പിൽ, എം.എൽ.എ.മാരായ തോട്ടത്തിൽ രവീന്ദ്രൻ, അഹമ്മദ് ദേവർകോവിൽ, സച്ചിൻ ദേവ്, ലിന്റോ ജോസഫ്,

കോഴിക്കോട് മേയർ ബീനാ ഫിലിപ്പ് എന്നിവരും അന്ത്യാഞ്ജലി അർപ്പിച്ചു.

രാവിലെ ആറര മണിയോടെയാണ് മൃതദേഹം വഹിച്ചുകൊണ്ടുള്ള ആംബുലൻസ് കോഴിക്കോട് ജില്ലയിൽ പ്രവേശിച്ചത്. ഇവിടെ വച്ച് മന്ത്രി എ കെ ശശീന്ദ്രൻ, കോഴിക്കോട് ജില്ലാ കളക്ടർ തുടങ്ങിയവർ ചേർന്ന് സംസ്ഥാന സർക്കാരിന് വേണ്ടി മൃതദേഹം ഏറ്റുവാങ്ങി. അർജുന്റെ കുടുംബത്തിന് കർണാടക സർക്കാർ അഞ്ച് ലക്ഷം രൂപ നൽകും. കാർവാർ എം എൽ എ സതീഷ് കൃഷ്ണ സെയിൽ തുക അർജുന്റെ അമ്മയെ ഏല്പിക്കും. സംസ്കാര ചടങ്ങിന് ശേഷമേ അദ്ദേഹം മടങ്ങൂ എന്നാണ് വിവരം.

ലോറിയുടെ ക്യാബിനിൽ കണ്ടെത്തിയ മകന്റെ കളിപ്പാട്ട ലോറി, അർജുന്റെ വാച്ച്, ചെരുപ്പ്, ഫോണുകൾ, പ്രഷർ കുക്കർ, സ്റ്റീൽ പാത്രങ്ങൾ, രേഖകൾ, ബാഗ് തുടങ്ങിയ സാധനങ്ങൾ ഇന്നലെ വൈകിട്ട് തന്നെ ആംബുലൻസിൽ കയറ്റിയിരുന്നു.

ജൂലായ് 16–നാണ് കർണാടകയിലെ ഷിരൂരിലുണ്ടായ മണ്ണിടിച്ചിലിൽ അർജുനെ ലോറിയോടൊപ്പം കാണാതായത്. പലഘട്ടങ്ങളിലായി നടത്തിയ തിരച്ചിലിനൊടുവിൽ 71– ദിവസത്തിന് ശേഷം ബുധനാഴ്ച ഉച്ചയോടെയാണ് അർജുന്റെ ലോറി ഗംഗാവലി പുഴയിൽനിന്ന് കണ്ടെടുക്കുന്നത്. ലോറിയുടെ കാബിനുള്ളിലായിരുന്നു മൃതദേഹം ഉണ്ടായിരുന്നത്.

അർജുന്റെ മകനെ കൊണ്ടുവന്ന് ചിതയ്ക്ക് വലംവെപ്പിച്ചു. മറ്റ് കർമ്മങ്ങൾ പൂർത്തിയാക്കി ചിതയ്ക്ക് തീ കൊളുത്തും മുമ്പ് അമ്മ കൃഷ്ണപ്രിയയുടെ ഒക്കത്തിരുന്ന് മകൻ ഒരിക്കൽക്കൂടി അർജുനെ അവസാനമായി കണ്ടു.

അർജുന്റെ ഭാര്യ, സഹോദരിമാർ, സഹോദരീഭർത്താവ് ജിതിൻ തുടങ്ങിയവരെല്ലാം ചിതയ്ക്ക് അരികിൽ ഉണ്ടായിരുന്നു. കർമ്മങ്ങൾ പൂർത്തിയാക്കി സഹോദരൻ ചിതയ്ക്ക് തീ കൊളുത്തി. കണ്ണീരോർമയായ അർജുനെ അഗ്നിനാളങ്ങൾ ഏറ്റുവാങ്ങി.

## കേരള രാഷ്ട്രീയത്തിലെ എടുക്കാത്ത നാണയമായി മാറും, അൻവറിനുള്ളത് നിഗൂഢ അജണ്ടകളും രഹസ്യങ്ങളും



മലപ്പുറം: നിലമ്പൂർ എംഎൽഎ പിവി അൻവറിന് നിഗൂഢമായ ലക്ഷ്യങ്ങളും രഹസ്യ അജണ്ടകളുമുണ്ടെന്ന് വിമർശിച്ച് മലപ്പുറം സിപിഎം ജില്ലാ സെക്രട്ടറി ഇവി മോഹൻദാസ്. പാർട്ടിയെ തകർക്കലാണ് അൻവറിന്റെ ഉദ്ദേശമെന്നും അദ്ദേഹം പറഞ്ഞു. അൻവർ നടത്തുന്ന വിവാദപരാമർശങ്ങളിൽ പ്രതികരിക്കുകയായിരുന്നു മോഹൻദാസ്.

'അൻവറിന്റെ പരാതി ജില്ലയിലെ പാർട്ടി നേതൃത്വം കേട്ടിട്ടുണ്ട്. അക്കാര്യങ്ങൾ മുഖ്യമന്ത്രി പിണറായി വിജയന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നാണ് അദ്ദേഹത്തോട് പറഞ്ഞത്. ആരുടെ ഭാഗത്ത് വീഴ്ചയുണ്ടെങ്കിലും അത് ഗൗരവമായി കൈകാര്യം ചെയ്യുമെന്ന് മുഖ്യമന്ത്രിയും പറഞ്ഞു. വായിൽ തോന്നിയത് പറയുന്നതിനെല്ലാം പ്രതികരിക്കാൻ കഴിയില്ലല്ലോ. അദ്ദേഹത്തിന്റെ സമനില തെറ്റി എന്തൊക്കെയോ പറയുകയാണ്. മദയാനയെപ്പോലെയാണ് അൻവർ ഇപ്പോൾ. പാർട്ടി തകർക്കലാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. അത് നടപ്പാകാൻ പോകുന്നില്ല. ഇതിനേക്കാൾ വലിയ ആളുകൾ പാർട്ടിയെ വെല്ലുവിളിച്ചിട്ടുണ്ട്.

അൻവർ ഒരു ഇടതുപക്ഷക്കാരനാണെന്ന് പറയാൻ സാധിക്കില്ല. സർക്കാരിനും പാർട്ടിക്കും എതിരായി പ്രവർത്തിക്കുന്ന ഒരു കോടാലിയായി അദ്ദേഹം മാറി. അൻവറിന് നിഗൂഢമായ ലക്ഷ്യങ്ങളും രഹസ്യ അജണ്ടകളുമുണ്ട്.അതിനായുള്ള സമ്മർദ്ദമാണ് ഇപ്പോൾ കാണിച്ചുകൊണ്ടിരിക്കുന്നത്.

സിപിഎം ഇനിയും സ്വതന്ത്രന്മാരെ പരീക്ഷിക്കും. സ്വതന്ത്രന്മാരുടെ മഹത്വംകൊണ്ട് മാത്രമല്ല അവർ അവിടെ ജയിച്ചത്. അൻവറിന് കിട്ടിയ ബഹുഭൂരിപക്ഷം വോട്ടുകളും സഖാവ് കുഞ്ഞാലി കെട്ടിപ്പടുത്ത പാർട്ടിയുടെതാണ്. എതിരാളികളെ തോല്പിക്കാൻ പറ്റിയ സ്വതന്ത്രരുണ്ടെങ്കിൽ സിപിഎം ഇനിയും മത്സരിപ്പിക്കും. ആ പരീക്ഷണം പരാജയമായി സിപിഎം വിലയിരുത്തുന്നില്ല. സാമൂഹിക വിരുദ്ധരുടെയും മാഫിയകളുടെയും പ്രതിനിധിയാണ് അൻവർ. ഇനി ആയിരക്കണക്കിന് നാവുകൾ അദ്ദേഹത്തിനെതിരെ ഉയരും. കേരള രാഷ്ട്രീയത്തിലെ എടുക്കാത്ത നാണയമായി അൻവർ മാറും'– മോഹൻദാസ് പറഞ്ഞു.

അതേസമയം, തനിക്കെതിരെ ഉയർന്ന വിമർശനങ്ങൾക്ക് പ്രതികരണവുമായി അൻവറും രംഗത്തെത്തിയിട്ടുണ്ട്. മോഹൻദാസ് ഒന്നാംതരം വർഗീയവാദിയെന്നാണ് അൻവർ പ്രതികരിച്ചത്. 'മോഹൻദാസിന് ഇസ്ലാമെന്നാൽ ഭീകരത. മുസ്ലീം ആയതിനാലാണ് തന്നോട് വിരോധം. ക്രിസ്ത്യൻ ന്യൂനപക്ഷത്തോടും മോഹൻദാസിന് കടുത്ത വിരോധം.

## അങ്കമാലിയിൽ യുവദമ്പതികൾ മരിച്ച നിലയിൽ; രണ്ടുമക്കൾക്ക് പൊള്ളലേറ്റു, ഒരാൾക്ക് ഗുരുതരം

അങ്കമാലി: പാറക്കടവ് പഞ്ചായത്തിലെ പുളിയനത്ത് യുവ ദമ്പതികളെ മരിച്ച നിലയിൽ കണ്ടെത്തി. ഭർത്താവിനെ മേൽക്കൂരയിൽ തൂങ്ങി മരിച്ച നിലയിലും ഭാര്യയെ പാചകവാതക സിലിണ്ടറിൽ നിന്ന് തീ പടർന്ന് പൊള്ളലേറ്റ് മരിച്ച നിലയിലുമാണ് കണ്ടെത്തിയത്. പൊള്ളലേറ്റ ആറും പതിനൊന്നും വയസുള്ള മക്കളെ അവശനിലയിൽ എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

പാറക്കടവ് പഞ്ചായത്തിലെ വാർഡ് 16ൽ പുളിയനം മില്ലുംപടി ഭാഗത്ത് വെളിയത്ത് വീട്ടിൽ ശശിയുടെ മകൻ സനൽ (40), ഭാര്യ സുമി (35) എന്നിവരാണ് മരിച്ചത്. മക്കളായ അശ്വത് (11), ആഷ്തിക് (6) എന്നിവർക്കാണ് പൊള്ളലേറ്റത്. ഇവരെ സംഭവമറിഞ്ഞയുടൻ നാട്ടുകാർ രക്ഷിച്ച് അങ്കമാലി എൽ.എഫ് ആശുപത്രിയിലെത്തിച്ചെങ്കിലും നില ഗുരുതരമായതിനാൽ എറണാകുളം മെഡിക്കൽ സെൻറർ ആശുപത്രിയിലേക്ക് മാറ്റി. ശരീരമാസകലം സാരമായി പൊള്ളലേറ്റ ആഷ്തിക്കിന്റെ നില ഗുരുതരമാണ്.

ഇന്ന്പുലർച്ചെ രാത്രി 12.30ഓടെയാണ് നാടിനെ നടുക്കിയ സംഭവം. സാമ്പത്തിക ബാധ്യതയും കുടുംബ വഴക്കുമാണ് ആത്മഹത്യക്ക് ഇടയാക്കിയതെന്നാണ് പോലീസ് നൽകുന്ന സൂചന. സനൽ ആത്മഹത്യക്ക് ശ്രമിച്ചതോടെ സുമി പാചകവാതക സിലിണ്ടർ തുറന്നിട്ട് തീ കൊടുക്കുകയായിരുന്നുവെന്നാണ് രക്ഷപെട്ട മൂത്ത മകൻ അശ്വതിന്റെ മൊഴിയിൽ നിന്നുള്ള സൂചന.

ഇടവഴിയോരത്തെ ചെറിയ ഓട് മേഞ്ഞ വീട്ടിലാണ് ഇവർ താമസിച്ചിരുന്നത്. അർധരാത്രി കുട്ടികളുടെ കരച്ചിൽ കേട്ട് ഓടിയെത്തിയ അയൽവാസി സിജോയാണ് വാതിൽ ചവുട്ടി തുറന്നത്. മുൻ വശത്തെ ഹാളിൽ സനലിനെ തൂങ്ങിമരിച്ച നിലയിലും തൊട്ടടുത്ത മുറിയിലെ കട്ടിലിൽ സുമിയുടെ കത്തിക്കരിഞ്ഞ മൃതദേഹവും കണ്ടെത്തുകയായിരുന്നു. വാതിൽ തുറന്നതോടെയാണ് കുട്ടികൾ പുറത്ത് കടന്നത്. അശ്വതിന് മുഖത്തും കൈക്കും നിസാര പൊള്ളലേറ്റു. ഗാഢനിദ്രയിലായിരുന്ന ആഷ്തിക്കിന് ശരീരമാകെ തീപടർന്ന് അവശ നിലയിലായിരുന്നു. കുട്ടികളെ സിജോയുടെ കാറിലാണ് ആശുപത്രിയിലെത്തിച്ചത്.

സംഭവമറിഞ്ഞ് പാഞ്ഞെത്തിയ സമീപവാസികൾ വെള്ളം പമ്പ് ചെയ്തും ചാക്കുകൾ നനച്ചും രക്ഷാ പ്രവർത്തനത്തിലേർപ്പെട്ടു. അങ്കമാലി അഗ്നിരക്ഷ സേനയെത്തി മുക്കാൽ മണിക്കൂറോളം സാഹസിക തീവ്രശ്രമം നടത്തിയാണ് തീ പൂർണമായും അണച്ചത്.

സനലും സുമിയും വർഷങ്ങളായി അങ്കമാലി തുറവൂർ കവലയിൽ വാടക കെട്ടിടത്തിൽ അക്ഷയ കേന്ദ്രം നടത്തി വരുകയാണ്. കുട്ടികൾ കാലടി ആശ്രമം സ്കൂളിൽ ആറ്, ഒന്ന് ക്ലാസുകളിലാണ് പഠിക്കുന്നത്. സനലും സുമിയും രാവിലെ മക്കളോടൊപ്പം അക്ഷയ കേന്ദ്രത്തിലേക്ക് പോയാൽ രാത്രിയാണ് കുട്ടികളോടൊപ്പം മടങ്ങിയെത്തുന്നത്.

## ടാറ്റയുടെ ഇലക്ട്രോണിക്സ് നിർമാണ യൂണിറ്റിൽ വൻ തീപിടിത്തം



ചെന്നൈ: ടാറ്റയുടെ ഇലക്ട്രോണിക്സ് നിർമാണ യൂണിറ്റിൽ വൻ തീപിടിത്തം. ഹൊസൂരിലെ പ്ലാന്റിലാണ് സംഭവമുണ്ടായത്. സെൽഫോൺ നിർമാണ യൂണിറ്റിലാണ് ആദ്യ തീപിടിത്തമുണ്ടായത്. ഉടൻ തന്നെ കമ്പനിയിൽ നിന്നും ജീവനക്കാരെ ഒഴിപ്പിച്ചു.

തീപിടിത്തത്തിൽ വലിയ നാശനഷ്ടമുണ്ടായെന്നാണ് വാർത്ത ഏജൻസിയായ ഐ.എ.എൻ.എസ് റിപ്പോർട്ട് ചെയ്യുന്നത്. തീ നിയന്ത്രണവിധേയമാക്കാനുള്ള ശ്രമങ്ങൾ ഫയർ ഫോഴ്സ് തുടരുകയാണ്. ഇന്ന് രാവിലെ അഞ്ചരയോടെ മൊബൈൽ ഫോൺ ആക്സസറി നിർമിക്കുന്ന യൂണിറ്റിലാണ് ആദ്യം തീപിടിത്തമുണ്ടായത്.

തീപിടിത്തത്തിന് പിന്നാലെ വലിയ രീതിയിൽ പുക ഉയർന്നത് ആശങ്കക്കിടയാക്കിയിരുന്നു. ഉടൻ തന്നെ ഫയർഫോഴ്സ് എത്തി ജീവനക്കാരെ സുരക്ഷിതമായി കമ്പനിയിൽ നിന്നും ഒഴിപ്പിച്ചു. ഇതുവരെ ആർക്കും തീപിടിത്തത്തിൽ പരിക്കേറ്റതായി റിപ്പോർട്ടുകളില്ല.

തീപിടിത്തമുണ്ടായ സമയത്ത് 1500ഓളം ജീവനക്കാർ കമ്പനിയിലുണ്ടായിരുന്നു. അതേസമയം, തീപിടിത്തത്തിന്റെ കാരണമെന്താണെന്ന് വ്യക്തമായിട്ടില്ല. തീപിടിത്തമുണ്ടായ വിവരം ടാറ്റ ഇലക്ട്രോണിക്സ് പ്രൈവറ്റ് ലിമിറ്റഡ് വക്താവ് സ്ഥിരീകരിച്ചിട്ടുണ്ട്. തീപിടിത്തമുണ്ടായ ഉടൻ എമർജൻസി പ്രോട്ടോകോൾ നടപ്പാക്കിയെന്നും ഉടൻ ജീവനക്കാരെ ഒഴിപ്പിച്ചുവെന്നും കമ്പനി വക്താവ് വ്യക്തമാക്കി.

## എ.ഡി.ജി.പിയെ മാറ്റിയേ തീരൂ, അത് സി.പി.ഐയുടെ ഉറച്ച തീരുമാനം; എംവി ഗോവിന്ദനെ തള്ളി ബിനോയ്‌വിശ്വം



കോട്ടയം: എ.ഡി.ജി.പി.–ആർ.എസ്.എസ് കൂടിക്കാഴ്ചയിൽ കടുത്ത നിലപാടുമായി സി.പി.ഐ. എ.ഡി.ജി.പി എം. ആർ.അജിത് കുമാറിനെ മാറ്റിയേ തീരൂവെന്ന് സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു. കേരളത്തിന്റെ ക്രമസമാധാന ചുമതയുള്ള എ.ഡി.ജി.പിക്ക് ഒരു കാരണവശാലും ആർ.എസ്.എസ് ബന്ധം പാടില്ലെന്ന് അദ്ദേഹം പറഞ്ഞു. കോട്ടയത്ത് മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു ബിനോയ് വിശ്വം.

എ.ഡി.ജി.പിയെ മാറ്റണമെന്നത് ബിനോയ് വിശ്വത്തിന്റെ നിലപാടാണെന്ന സി.പി.എം. സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദന്റെ പ്രതികരണത്തെ അദ്ദേഹം തള്ളുകയും ചെയ്തു. താൻ പറഞ്ഞത് സി.പി.ഐയുടെ നിലപാടാണെന്നും അതിൽ മാറ്റമൊന്നും ഇല്ലെന്നും ബിനോയ് വിശ്വം വ്യക്തമാക്കി. ആർ.എസ്.എസ് നേതാക്കന്മാരെകാണുന്ന ഒരു ഉദ്യോഗസ്ഥൻ എൽ.ഡി.എഫ് ഭരിക്കുന്ന സർക്കാരിൽ ഉണ്ടാകാൻ പാടില്ലെന്നും എ.ഡി.ജി.പിയെ മാറ്റണമെന്നത് സി.പി.ഐയുടെ ഉറച്ച തീരുമാനമാണെന്നും അദ്ദേഹം പറഞ്ഞു.

പി.വി.അൻവറിന്റെ നിവപാടിനേയും ബിനോയ് വിശ്വം വിമർശിച്ചു. ഇടതുപക്ഷ രാഷ്ട്രീയത്തെ കുറിച്ച് ബോധ്യമുള്ള ആളല്ല അൻവർ. എൽഡിഎഫിന്റെ ഭാഗമായോ ഇടതുപക്ഷത്തിന്റെ രക്ഷകനായോ അല്ല ഞങ്ങൾ അൻവറിനെ കാണുന്നത്. അൻവറിന് രക്ഷകവേഷം നൽകുന്നുണ്ട്. എന്നാൽ ഞങ്ങൾ അത് പങ്കുവെക്കാൻ ആഗ്രഹിക്കുന്നില്ല. ആരെല്ലാമാണ് അൻവറിന്റെ പിറകിലുള്ളതെന്ന് പതുക്കെ പതുക്കെ പുറത്തുവന്നേക്കാം, അദ്ദേഹം പറഞ്ഞു.

അതേസമയം, പി.വി. അൻവറിനെതിരേയുള്ള സി.പി.എം പ്രവർത്തകരുടെ കൊലവിളി മുദ്രാവാക്യത്തെയും അദ്ദേഹം വിമർശിച്ചു. കയ്യും കാലും വെട്ടുന്നത് കമ്യൂണിസ്റ്റ് ശൈലി അല്ലെന്നും ആശയങ്ങളെ എതിർക്കേണ്ടത് ആശയങ്ങൾ കൊണ്ടാകണമെന്നും ബിനോയ് വിശ്വം വ്യക്തമാക്കി.

## 50കാരനും നാല് പെൺമക്കളും വീടിനുള്ളിൽ മരിച്ചനിലയിൽ, മൃതദേഹങ്ങൾക്ക് ദിവസങ്ങളോളം പഴക്കം

ന്യൂഡൽഹി: പിതാവിനെയും നാല് പെൺമക്കളെയും വാടകവീട്ടിൽ മരിച്ചനിലയിൽ കണ്ടെത്തി. ഡൽഹിയിലെ റംഗ്പുരിയിൽ കഴിഞ്ഞ ദിവസം പുലർച്ചെയാണ് അഞ്ച് മൃതദേഹങ്ങൾ കണ്ടത്. ആത്മഹത്യയെന്നാണ് പോലീസിന്റെ പ്രാഥമിക നിഗമനം. 50കാരനായ ഹിരലാലും അംഗവൈകല്യ ബാധിതരായ മക്കൾ നീതു (18), നിഷി (15),നീരു (10), നിധി (8) എന്നിവരുമാണ് മരിച്ചത്.

ഒരു വർഷം മുൻപ് ഹിരലാലിന്റെ ഭാര്യ മരണപ്പെട്ടിരുന്നു. അതിനുശേഷം മരപ്പണിക്കാരനായ ഹിരലാലും മക്കളുമായിരുന്നു വീട്ടിൽ താമസം. നാല് പെൺമക്കൾക്കും ജന്മനാ വൈകല്യങ്ങൾ ഉണ്ടായിരുന്നു. മൂത്ത മകളായ നീതുവിന് കാഴ്ച ശക്തിയില്ലായിരുന്നു. നിഷിക്ക് നടക്കാൻ ബുദ്ധിമുട്ടും ഉണ്ടായിരുന്നു. ബാക്കി രണ്ട് പെൺകുട്ടികളുടെ അവസ്ഥയെക്കുറിച്ച് അന്വേഷിക്കുകയാണെന്നാണ് പോലീസ് നൽകുന്ന വിവരം.

ഈ മാസം 24ന് ഹിരലാൽ വീട്ടിലേക്ക് പോകുന്നതിന്റെ സിസിടിവി ദൃശ്യങ്ങൾ പോലീസ് കണ്ടെടുത്തിട്ടുണ്ട്. അതിനുശേഷം ഇയാളുടെ വീട്ടിൽ നിന്നും ആരും പുറത്തേക്ക് പോകുന്നതോ വരുന്നതോ ആയ തെളിവുകൾ ലഭിച്ചിട്ടില്ല. വിവരമറിഞ്ഞ് പോലീസ് എത്തിയപ്പോൾ വീടിന്റെ പ്രധാന വാതിൽ അകത്ത് നിന്ന് പൂട്ടിയ നിലയിലായിരുന്നു. ഒടുവിൽ അഗ്നിശമനാ സേനയെത്തിയാണ് വാതിൽ തകർത്തത്.

പെൺകുട്ടികളുടെ മൃതദേഹങ്ങൾ കിടപ്പുമുറിയിൽ നിന്നും ഹിരലാലിന്റെ മൃതദേഹം മറ്റൊരു മുറിയിൽ നിന്നുമാണ് കണ്ടെത്തിയത്. വായിൽ നിന്നും നുരയും പതയും വന്ന നിലയിലായിരുന്നു അഞ്ച് മൃതദേഹങ്ങളും. കൂടാതെ മൃതദേഹങ്ങൾക്ക് അരികിൽ നിന്നും വിഷപദാർത്ഥങ്ങളും ജ്യൂസുകളും വെള്ളവും കണ്ടെത്തിയിട്ടുണ്ട്.

വിശദമായ പരിശോധനകൾക്ക് ശേഷം പോസ്റ്റ്മോർട്ടത്തിനായി മൃതദേഹങ്ങൾ അടുത്തുള്ള സർക്കാർ ആശുപത്രിയിലേക്ക് മാറ്റി.

## 'വന്ദേഭാരത്' ട്രെയിനിൽ ബിജെപി നേതാവിന്റെ വക ഭജന; വ്യാപക വിമർശനം

തിരുപ്പതിയിലേക്കുള്ള ട്രെയിൻ യാത്രയ്ക്കിടെ ഭജന നടത്തി ബിജെപി നേതാവും തെലുങ്ക് നടിയുമായ മാധവി ലത. ആന്ധ്രയിൽ നിന്നുള്ള ബിജെപി നേതാവാണ് മാധവി. വന്ദേഭാരത് ട്രെയിനുള്ളിൽ ഭജന നടത്തിയതിൻറെ വിഡിയോയും അവർ സമൂഹമാധ്യമങ്ങളിൽ പങ്കുവച്ചു. വിവാദങ്ങളുടെ പശ്ചാത്തലത്തിൽ തിരുപ്പതി യാത്ര നടത്തുന്നതും ട്രെയിനിൽ വച്ച് ഭജന നടത്തുന്നതുമെല്ലാം വെറും പബ്ലിസിറ്റി സ്റ്റണ്ടാണെന്നാണ് സമൂഹ മാധ്യമങ്ങളിൽ ഉയരുന്ന വിമർശനം. മാധവിക്കൊപ്പം അണികളും വന്ദേഭാരതിൽ ഉണ്ടായിരുന്നു.

ട്രെയിൻ പൊതുവിടമാണെന്നും മറ്റ് യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന പെരുമാറ്റമാണിതെന്നും ചിലർ കുറിച്ചു. രാഷ്ട്രീയ നേട്ടത്തിനായി ഭഗവാനെ ഉപയോഗിക്കാൻ വരെ ണ്ടെന്നായിരുന്നു മറ്റൊരാളുടെ കമൻറ്. മുസ്?ലിം സഹോദരങ്ങൾ ട്രെയിനുള്ളിൽ വച്ച് നമസ്കാരം നടത്തിയാൽ ഇതേ സ്വീകരണം ലഭിക്കുമോ എന്ന ചോദ്യവും ചിലർ ഉന്നയിച്ചിട്ടുണ്ട്. ഇന്ന് ബിജെപി നേതാവ് ഭജന നടത്തി, നാളെ ക്രിസ്ത്യാനികൾ വന്ന് കരോളും മുസ്?ലിംകൾ അവരുടെ പ്രാർഥനയും നടത്തിയാലോ എന്നും, വിശ്വാസം മറ്റുള്ളവരെ ദ്രോഹിക്കാനാകരുതെന്നും കമൻറുകളുണ്ട്.

## കൃതജ്ഞത



### പാലിശ്ശേരിയിൽ പി ടി വർഗ്ഗീസ് (73)

(റിട്ട. എസ് ഐ)

**മാന്ദാമംഗലം**

എന്റെ പ്രിയ ഭർത്താവ് റിട്ട. എസ് ഐ പാലിശ്ശേരിയിൽ പി ടി വർഗ്ഗീസിന്റെ (73) നിര്യാണവാർത്തയറിഞ്ഞ് ഞങ്ങളുടെ വസതിയിൽ നേരിട്ടുവന്നും അനുശോചന സന്ദേശങ്ങൾ വഴിയും ഞങ്ങളെ സമാശ്വസിപ്പിക്കുകയും തുടർന്ന് നടന്ന സംസ്കാര കർമ്മങ്ങളിലും പങ്കുകൊണ്ട് പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിച്ച ബന്ധുമിത്രാദികൾ, നല്ലവരായ നാട്ടുകാർ, ജനപ്രതിനിധികൾ, പോലീസ് ഉദ്യോഗസ്ഥർ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ, വ്യാപാരി വ്യവസായി സുഹൃത്തുക്കൾ, സമൂഹത്തിലെ മറ്റ് എല്ലാ ബഹുമാന്യ വ്യക്തികൾ എന്നിവർക്കും ഞങ്ങൾക്കുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു.

ദുഃഖ സ്മരണകളോടെ,

ഭാര്യ: ഡെയ്സി

മക്കൾ: ജസ്റ്റിൻ, ജാസ്മിൻ

മരുമക്കൾ: മഞ്ജു, ജിന്റോ

മറ്റു കുടുംബാംഗങ്ങൾ

മരണവിവരം യഥാസമയം അറിയിക്കുവാൻ ആരെയെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ ക്ഷമാപണം.

## നിര്യാതനായി



കൊമ്പഴ ചിറമ്പാട്ട് സ്കറിയ മകൻ

### സി എസ് ബേബി (77)

**വാണിയംപാറ**

ഞങ്ങളുടെ വാത്സല്യ പിതാവ് കൊമ്പഴ ചിറമ്പാട്ട് സ്കറിയ മകൻ സി.എസ്. ബേബി (77) നിര്യാതനായ വിവരം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു. പാണഞ്ചേരിയിലെ മുതിർന്ന കോൺഗ്രസ് നേതാവും സാമൂഹ്യ പ്രവർത്തകനും വാണിയംപാറ സെന്റ് ജോർജ് ഓർത്തോഡക്സ് ചർച്ച് മുൻ സെക്രട്ടറിയുമായിരുന്നു.

സംസ്കാരം ഇന്ന് (28-09-2024 ശനിയാഴ്ച) വൈകുന്നേരം 4 മണിക്ക് വാണിയമ്പാറ സെന്റ് ജോർജ് ഓർത്തോഡക്സ് ചർച്ച് സെമിത്തേരിയിൽ നടത്തപ്പെടും. സംസ്കാര ശുശ്രൂഷകളിൽ പങ്കുകൊണ്ട് പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അപേക്ഷിക്കുന്നു.

ഭാര്യമാർ: പരേതരായ ചിന്നമ്മ, സാറാമ്മ

മക്കൾ: എമിൽ, സുനിൽ, അനിൽ

മരുമക്കൾ: സുമിന, സിനി, ലിജി.

ബന്ധുമിത്രാദികൾ ഇതൊരു അറിയിപ്പായി സ്വീകരിക്കുവാൻ അപേക്ഷ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



## വാർത്താച്ചുരുക്കം

- കൊടകര സഹൃദയ ഓട്ടോമസ് എഞ്ചിനീയറിംഗ് കോളേജിൽ ഐ ഇ ഇ ഇ യുടെ നേതൃത്വത്തിൽ ത്രിദിന അന്തർദേശീയ ഫ്ളാഗ്ഷിപ്പ് ഇവന്റ് ടെക് എക്സ് ഇൻഫിനിയ നടത്തി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള എഞ്ചിനീയറിംഗ് വിദ്യാർത്ഥികളും പ്രൊഫഷണലുകളും സാങ്കേതിക വിദഗ്ധരും ഒത്തുചേർന്ന മെഗാ ഇവന്റ് ആയിരുന്നു.
- തൃശൂർ മേള കലയുടെ മഹാസാരഥി പെരുവനം സതീശൻമാരാരുടെ 60-ാം പിറന്നാൾ 'പ്രമാണ പൗർണമി' എന്ന പേരിൽ പൗരാവലി ചേർപ്പ് സി എൻ എൻ ഗേൾസ് ഹൈസ്കൂളിൽ ആഘോഷിച്ചു. തന്ത്രി കെ പി സി വിഷ്ണുഭട്ടതിരിപ്പാട് ദീപോജ്ജ്വലനം നിർവ്വഹിച്ചു. പഞ്ചരത്നകീർത്തനാലാപനം സമാദരണ സദസ് തുടങ്ങിയ നടന്നു. എം എൽ എ സി സി മുകുന്ദന്റെ അധ്യക്ഷതയിൽ കൂടിയ അനുമോദനസദസ്സ് മട്ടന്നൂർ ശങ്കരൻകുട്ടി മാരാർ ഉദ്ഘാടനം ചെയ്തു. സതീശൻ മാരാരെ അംഗവസ്ത്രി അണിയിച്ചത് പെരുവനം കുട്ടൻമാരാരാണ്.പ്രമുഖ വ്യക്തികൾ പങ്കെടുത്തു. വാദ്യവും ഉണ്ടായി.
- പുഷ്പക ബ്രാഹ്മണ സേവാസംഗം 56-ാം ദേശീയ സമ്മേളനം തൃശൂരിൽ വിപുല പരിപാടികളോടെ നടന്നു. ശ്രീശങ്കര ഹാളിലായിരുന്നു പരിപാടി. മന്ത്രിമാരായ കെ രാജൻ, ആർ ബിന്ദു തുടങ്ങിയവർ പങ്കെടുത്തു. സമാദരണം, കലാപരിപാടികൾ, ഷോർട്ട് ഫിലിംമത്സരം, പ്രഭാഷണങ്ങൾ തുടങ്ങിയവ നടന്നു.
- തൃശൂർ: ടാസ് നാടകോത്സവം ടൗൺഹാളിൽ തുടങ്ങി. ഒക്ടോബർ 1ന് സമാപനം. ദിവസവും വൈകീട്ട് 6.30നാണ് നാടകങ്ങൾ അരങ്ങേറുക. നാടകം ആരംഭിക്കുന്നതിന് മുമ്പ് നാടക-കലാ-കായിക-സാമൂഹ്യ രംഗങ്ങളിലെ വ്യക്തികളെ ആദരിക്കും. ചെയർമാൻ ജോസ് ആലുക്ക, ജന. കൺവീനർ ഡോ. എസി ജോസ്, ജോ. കൺവീനർ ഷാജു ചിരിയങ്കണ്ടത്ത്, പ്രസിഡണ്ട് ഒ ജെ ജോസ്, സെക്രട്ടറി ഗിരീഷ്കുമാർ കെ, ട്രഷറർ ജോസ് കോട്ടപ്പറമ്പിൽ തുടങ്ങിയവർ നേതൃത്വം നൽകുന്നു. സമാപന ദിവസം 10 ദിവസം നടന്ന നാടകങ്ങളെ കാണികൾ വിലയിരുത്തി, അവർ നിർദ്ദേശിക്കുന്ന ഗ്യാലപ്പ് പോൾ വഴി തെരഞ്ഞെടുക്കപ്പെട്ട വിജയികൾക്കുള്ള അവാർഡ് ദാനവും തൃശൂർ ഡിവൈൻ മെലഡീസ് അവതരിപ്പിക്കുന്ന സംഗീത വിരുന്നു ഉണ്ടായിരിക്കും.
- തൃശൂർ: ശ്രീനാരായണഗുരു ജയന്തി സമാധി ദിനങ്ങളോടനുബന്ധിച്ച് തൃശൂർ രാഗമാലിക സംഗീത ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ഗുരുദേവഗാന ആൽബം മന്ത്രി ഡോ. ആർ ബിന്ദു പ്രകാശനം ചെയ്തു. ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ പ്രഭാഷണം ചെയ്തു. ഡോ എ സി ജോസ് അധ്യക്ഷത വഹിച്ചു. ഗുരുദേവ ഗാനത്തിന്റെ രചന, സംഗീതം, ആലാപനം-ഇന്ദിര ഗോപാലകൃഷ്ണൻ (ഇന്ദു) ഏങ്ങണ്ടിയൂരിലെ വീട്ടമ്മയാണ് നിർവ്വഹിച്ചത്.

## കേരള ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ (കെ ബി ഇ എഫ്) ബെഫി ചാലക്കുടി ഏരിയാ സമ്മേളനം



ചാലക്കുടി: കേരള ബാങ്കിലെ തസ്തികകൾ ശാസ്ത്രീയമായി പുനർനിർണയിച്ച് ഉടൻ നിയമനം നടത്തണമെന്ന് കേരള ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ (KBEF) ബെഫി ചാലക്കുടി ഏരിയാ സമ്മേളനം സർക്കാരിനോടാവശ്യപ്പെട്ടു. മൂന്നോ നാലോ സ്ഥിരംജീവനക്കാരെ വെച്ച് ബാങ്ക് ബ്രാഞ്ചുകൾ പ്രവർത്തിപ്പിക്കുന്നത് ബാങ്കിടപാടുകാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായും,ജീവനക്കാർക്ക് ജോലി സമ്മർദ്ദം കൂട്ടുന്നതായും സമ്മേളനം അഭിപ്രായപ്പെട്ടു. CITU ചാലക്കുടി ഏരിയ സെക്രട്ടറി ജയതിലകൻ ഇ.എ. സമ്മേളനം ഉദ്ഘാടനം ചെയ്തു. ബെഫി അഖിലേന്ത്യാ വനിതാ സബ് കമ്മിറ്റി കൺവീനർ രജിതമോൾ, ബെഫി തൃശ്ശൂർ ജില്ലാ സെക്രട്ടറി സ്വർണ്ണകുമാർ ബി., KBEF തൃശ്ശൂർ ജില്ലാ സെക്രട്ടറി അനിൽ കുമാർ, ബിജി എന്നിവർ അഭിവാദ്യം ചെയ്തു സംസാരിച്ചു. ജില്ലാ കമ്മിറ്റിയംഗം സിജു അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വൃന്ദ സ്വാഗതവും ഷെരീഫ് നന്ദിയും പറഞ്ഞു. സിജു സെക്രട്ടറിയായും, ലൈജി പ്രസിഡന്റായും 10 അംഗ ഏരിയ കമ്മിറ്റിയെയും ൽ ചാലക്കുടിയിൽ നടന്ന സമ്മേളനം തെരഞ്ഞെടുത്തു.

### കനറാ ബാങ്കിൽ 3000 അപ്രന്റിസ് ഒഴിവ്

തൃശൂർ: ബിരുദധാരികൾക്ക് അപേക്ഷിക്കാം.ഓൺ ലൈൻ അപേക്ഷ ഒക്ടോബർ 4 വരെ . പ്രായപരിധി 20 മുതൽ 28 വയസ്സ് വരെ ,അർഹരായവർക്ക് വയസ്സിളവ്.സ്റ്റൈപൻഡ് 15000 രൂപ.അപേക്ഷാഫീസ്500 രൂപ . പട്ടിക വിഭാഗം,ഭിന്ന ശേഷിക്കാർ എന്നിവർക്കു ഫീസില്ല

### കോടതി പരസ്യം

**ബഹു. തൃശൂർ മൂന്നാം അഡീഷ്ണൽ ജില്ലാ കോടതി മുമ്പാകെ**

G.O.P: 229/2024

1) തൃശൂർ താലൂക്ക്, ചെവ്വൂർ വില്ലേജ്, പെരുമ്പിള്ളിശ്ശേരി ദേശത്ത്, കോച്ചേരിപറമ്പിൽ ജയൻ ഭാര്യ, 39 വയസ് ശാന്തി ജയൻ
2) തൃശൂർ താലൂക്ക്, ചെവ്വൂർ വില്ലേജ്, പെരുമ്പിള്ളിശ്ശേരി ദേശത്ത്, കോച്ചേരിപറമ്പിൽ ജയൻ മകൾ 19 വയസ് അർച്ചന
3) തൃശൂർ താലൂക്ക്, ചെവ്വൂർ വില്ലേജ്, പെരുമ്പിള്ളിശ്ശേരി ദേശത്ത്, കോച്ചേരിപറമ്പിൽ ഗണേശൻ ഭാര്യ 62 വയസ് തങ്കം
4) തൃശൂർ താലൂക്ക്, ചെവ്വൂർ വില്ലേജ്, പെരുമ്പിള്ളിശ്ശേരി ദേശത്ത്, കോച്ചേരിപറമ്പിൽ ഗണേശൻ മകൻ 41 മകൻ മനു

- ഹരജിക്കാർ

എതൃകക്ഷി -ഇല്ല

തൃശൂർ താലൂക്ക്, ചെവ്വൂർ വില്ലേജ്, പെരുമ്പിള്ളിശ്ശേരി ദേശത്ത്, കോച്ചേരിപറമ്പിൽ ജയൻ മകൻ 13 വയസ് അഭിനവ്

-ഹരജി മാർജിൻ മൈനർ

മേൽ നമ്പറിലെ മൈനർക്ക് അവകാശമുള്ള വസ്തുവഹകൾ (ചെവ്വൂർ വില്ലേജ് സർവ്വെ 412/2ൽ പെട്ട 4.05 ആർ) തീറ് വിൽക്കുന്നതിന് ഒന്നാം ഹരജിക്കാരിയെ രക്ഷിതാവായി നിയമിച്ചുകിട്ടുന്നതിന് ബോധിപ്പിച്ചിട്ടുള്ള മേൽ നമ്പർ ഹരജി **01-11-2024** തിയ്യതി വിചാരണക്ക് വെച്ചിരിക്കുന്നു. ഇക്കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപം വല്ലതുമുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ കേസ് തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 28-9-2024
ഹരജിക്കാർഭാഗം അഡ്വക്കേറ്റ്
**കെ എസ് കൃഷ്ണകൃപ** (ഒപ്പ്)

## തൃശൂർ-മാള മെറ്റ്സ് ഫാർമസി കോളേജിൽ പ്രൊഫസർമാരെ നിയമിക്കുന്നു

തൃശൂർ:ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ച തൃശൂർ മാള മെറ്റ്സ് കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സ്റ്റഡീസ് ആൻഡ് റിസർച്ചിൽ അധ്യാപകരെ നിയമിക്കുന്നു.ഫാർമസിയിൽ ഡോക്ടറേറ്റ് / ബിരുദാനന്തര ബിരുദം (എം. ഫാർമം) നേടിയവരെ പ്രൊഫസർ/അസി. പ്രൊഫസർ എന്നീ തസ്തികകളിലാണ് നിയമിക്കുന്നത്. ഫാർമക്കോളജി, ഫാർമസ്യൂട്ടിക്സ്, ഫാർമിസ്യൂട്ടിക്കൽ കെമിസ്ട്രി, ഫാർമസ്യൂട്ടിക്കൽ അനാലിസിസ് എന്നീ ഡിപ്പാർട്ട്മെന്റുകളിലാണ് ഒഴിവുകൾ ഉള്ളത്. യോഗ്യതാ പരീക്ഷയിൽ 60% മാർക്ക് എങ്കിലും നേടിയിരിക്കണം. മേൽപറഞ്ഞ തസ്തികകളിലേക്ക് 3 വർഷത്തെ അധ്യാപന പരിചയം ഉള്ളവർക്ക് മുൻഗണനയുണ്ട്.അധ്യാപന അഭിരുചി അത്യാവശ്യമാണ്.അപേക്ഷിക്കുവാനുള്ള അവസാന തീയ്യതി ഒക്ടോബർ 03 ആണ്. യോഗ്യത, പരിചയസമ്പന്നത എന്നിവയ്ക്ക് അനുയോജ്യമായ രീതിയിൽ ആകർഷകമായ ശമ്പളം ലഭിക്കുന്നതാണ്.അപേക്ഷകൾcareers@metspharmacycollege.com എന്ന ഈ-മെയിലിൽ അയക്കുക .സംശയനിവാരണത്തിന് 9188400951 എന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടുക. ഡോ. എ. സുരേന്ദ്രൻ, അക്കാദമിക് ഡയറക്ടർ, മെറ്റ്സ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ്, കുരുവിലശ്ശേരി, മാള, തൃശൂർ 680732. മൊബൈൽ : 9188400951.

## ഊരകം സ്റ്റാർ ക്ലബ് വാർഷികാഘോഷം

ഊരകം: സ്റ്റാർ ക്ലബ് വാർഷികാഘോഷം നാളെ (ഞായർ) നടക്കും. സ്റ്റാർ നഗറിൽ ഉച്ചതിരിഞ്ഞ് 4.30 ന് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലത ചന്ദ്രൻ ഉദ്ഘാടനം ചെയ്യും. പ്രസിഡന്റ് തോമസ് തത്തംപള്ളി അധ്യക്ഷത വഹിക്കും. മുരിയാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജോസ് ജെ. ചിറ്റിലപ്പിള്ളി മുഖ്യാതിഥിയായി പങ്കെടുക്കും.

മേരി ടീച്ചർ സ്മാരക വിദ്യാഭ്യാസ പുരസ്കാരം ചടങ്ങിൽ സമ്മാനിക്കുമെന്ന് ഭാരവാഹികളായ ടോജോ തൊമ്മാന, ടി.സി. സുരേഷ്, പി.ആർ.ജോൺ, ജെയിംസ് പോൾ എന്നിവർ അറിയിച്ചു.

## വയനാട് ദുരിതബാധിതരെ സഹായിക്കാൻ കോർപ്പറേഷൻ കരാറുകാർ 5 ലക്ഷം നൽകി



തൃശൂർ: വയനാട് ദുരന്തബാധിതർക്ക് വീട് വെച്ച് നൽകുന്നതിനായി തൃശൂർ കോർപ്പറേഷൻ കരാറുകാർ അഞ്ച് ലക്ഷം രൂപ മുഖ്യമന്ത്രിക്ക് കൈമാറി തൃശൂർ മാറ്റം പുറത്ത് നടന്ന വീട്ടില്ലാത്തവർക്ക് ഭൂമി നൽകുന്ന കോർപ്പറേഷൻ പരിപാടിക്കിടെ മുഖ്യമന്ത്രിയെ സന്ദർശിച്ചാണ് ചെക്ക് കൈമാറിയത് തൃശൂർ കോർപ്പറേഷൻ കോൺട്രാക്റ്റേഴ്സ അസോസിയേഷൻ സെക്രട്ടറി റ്റി.ആർ.സുരേഷ്, മറ്റ് ഭാരവാഹികളായ കെ.ഒ.റാഫി, സി.വി.രാജേഷ്, എം.ബി.ബിജി, എം.ജോഫിൻ, ടി.എൻ.സുരേഷ്, കെ.വി.ദിനേശ് .എന്നിവരടങ്ങിയ സംഘമാണ് മുഖ്യമന്ത്രിക്ക് തുക കൈമാറിയത്.

## സി.എച്ച്.മുഹമ്മദ് കോയ സമാധാനത്തിന്റെ സന്ദേശ വാഹകൻ



തന്റെവിശ്വാസ പ്രമാണങ്ങൾക്കു വേണ്ടി അവസാന ശ്വാസം വരെ പോരാടിയ സാമൂഹ്യ പരിഷ്കർത്താവും അനാചാരങ്ങൾക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത അതികായനാണ് സി.എച്ച്.മുഹമ്മദ് കോയ സാഹിബ്ബ്. കേരളത്തിലെ നവോത്ഥാന മൂല്യങ്ങൾ തിരിച്ചുപിടിക്കാനും,പാർശ്വവൽക്കരിക്കപ്പെട്ടവരെ മുഖ്യധാരയിലേക്ക് എത്തിക്കാനും,മതസൗഹാർദം കാത്തുസൂക്ഷിക്കാനും, ജനപ്രിയ നയങ്ങൾക്ക് പിന്നിലെ ശക്തി സ്വരൂപമായ്, സ്വയം ഉരുകിതീർന്ന് മറ്റുള്ളവർക്ക് പ്രകാശം പരത്തി മാതൃക കാട്ടിയ സി.എച്ചിനെ ഈ വേളയിൽ അനുസ്മരിക്കട്ടെ.... തന്റെ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ യഥാർത്ഥ നയങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാനായി മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് മുൻകാല മുസ്ലിം നേതാക്കളായ ഖായിദെമില്ലത്ത് ഇസ്മായിൽ സാഹിബും, ബാഫാക്കി തങ്ങളും കാണിച്ചു തന്ന പാതയിലൂടെ അടിപതറാതെ നയിച്ച മഹാരഥനായ സി.എച്ച്. ചരിത്രതാളുകളിൽ നിറസാന്നിധ്യവും ,ഊഷ്മള സ്നേഹവും പാകി പാർട്ടിക്ക് തണലും, അഭയവുമേകിയ മഹത് വ്യക്തി എക്കാലവും സ്മരണകളിലും, പാർട്ടിയെ നെഞ്ചിലെറ്റിയവർക്ക് കരുത്തേകും. ആരാന്റെ വിറകുവെട്ടികളും, വെളളം കോരികളുമായി അധ:പതിക്കുകയായിരുന്ന ഒരു ന്യൂനപക്ഷത്തെ കുത്തബ്മീനാറിനേക്കാൾ, ഉന്നതവും, ചെങ്കോട്ടയെക്കാൾ സുഭദ്രവും, താജ്മഹലിനേക്കാൾ സുന്ദരവുമായ മഹിത സംസ്കാരത്തിന്റെ ഉടമകളാണെന്ന് ബോധ്യപ്പെടുത്തി അറിവും, ആത്മവിശ്വാസവും പകർന്ന് അധികാര ശക്തിയാക്കിയ ധീര പടനായകൻ സി എച്ച് - ന്റെ ഓർമ്മകൾ 4 പതിറ്റാണ്ടായിട്ടും അസ്തമിക്കാതെ നിലനിൽക്കുന്നു. ഓരോ മുസ്ലീം ലീഗ്കാരന്റെയും വൈകാരിക ദിനമായ ഇന്ന് അദ്ദേഹത്തിന്റെ ഓരോ സന്ദേശവും നെഞ്ചിലേറ്റി അദ്ദേഹത്തിന്റെ പാത പിന്തുടർന്ന് മറ്റുള്ളവർക്ക് പകർന്ന് നൽകാൻ ഓരോ പ്രവർത്തകനും തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നതിനോടൊപ്പം മഹത് ന്റെ ഖബിറിടം വിശാലമാക്കി സ്വർഗ്ഗത്തിൽ ഉന്നത പദവി നൽകി നാഥൻ അനുഗ്രഹിക്കട്ടെ.

**-കരീം പന്നിത്തടം**

## കൂടൽമാണിക്യം ക്ഷേത്രപരിസരം ശുചീകരിച്ച് സെന്റ് ജോസഫ്സിലെ എൻ.എസ്.എസ്. യൂണിറ്റുകൾ

ഇരിങ്ങാലക്കുട: കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന സ്വച്ഛതാ ഹി സേവാ കാമ്പയിനിന്റെ ഭാഗമായി ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജിലെ അമ്പത്, നൂറ്റിയറുപത്തിയേഴ് എൻ.എസ്.എസ്. യൂണിറ്റുകൾ കൂടൽമാണിക്യം ക്ഷേത്രപരിസരം ശുചീകരിച്ചു.

ശുചിത്വമിഷനുമായി സഹകരിച്ചുകൊണ്ടു നടന്ന പരിപാടി മാലിന്യമുക്ത പ്രതിജ്ഞയെടുത്തുകൊണ്ടാണ് ആരംഭിച്ചത്. ക്ഷേത്രപരിസരവും ക്ഷേത്രത്തിനു മുമ്പിലും ചുറ്റിലുമായുള്ള റോഡുകളും വിദ്യാർത്ഥികൾ ശുചീകരിച്ചു. സ്വച്ഛതാ ഹി സേവയുടെ പ്രാധാന്യം ബോധിപ്പിക്കുന്ന റാലിയും ഇതോടൊപ്പം നടന്നു. സെപ്തംബർ 17 മുതൽ ഒക്ടോബർ 2 വരെ നടക്കുന്ന ക്യാമ്പയിനോടനുബന്ധിച്ച് എൻ.എസ്. എസിന്റെ ദത്തു ഗ്രാമമായ 19-ാം വാർഡ് ശുചീകരണം, ക്യാമ്പസിൽ വിദ്യാർത്ഥികൾക്കായി മാലിന്യ മുക്തപ്രതിജ്ഞ, സ്വച്ഛതാ ഹി സേവാ സന്ദേശം പതിപ്പിച്ചു കൊണ്ട് എൻ.എസ്.എസ്.വളണ്ടിയർമാർ തയ്യാറാക്കിയ പേപ്പർ ബാഗുകൾ നഗരത്തിലെ സ്ഥാപനങ്ങളിൽ വിതരണം ചെയ്യൽ തുടങ്ങി വിവിധ പരിപാടികളാണ് സെന്റ് ജോസഫ്സിലെ എൻ.എസ്.എസ്. യൂണിറ്റുകൾ സംഘടിപ്പിച്ചിരിക്കുന്നത്.എൻ.എസ്.എസ്.പ്രോഗ്രാം ഓഫീസർമാരായ വീണ സാനി, ഡോ. ഉർസുല എൻ, അധ്യാപകരായ മഞ്ജു ഡി, ധന്യ കെ. ഡി എന്നിവർ പരിപാടികൾക്ക് നേതൃത്വം കൊടുത്തു.



കൂടൽമാണിക്യം ക്ഷേത്രപരിസരം ശുചീകരിക്കുന്ന സെന്റ്.ജോസഫ്സ് കോളേജിലെ എൻ.എസ്.എസ് വളണ്ടിയർമാർ

### ബാലാവകാശ സംരക്ഷണ കമ്മീഷൻ സിറ്റിംഗ് നടത്തി

തൃശൂർ: സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നേതൃത്വത്തിൽ കളക്ട്രേറ്റിലെ അനക്സ് ഹാളിൽ ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം ടി.സി ജലജമോൾ സിറ്റിംഗ് നടത്തി. സിറ്റിങ്ങിൽ 31 അപേക്ഷകൾ പരിഗണിച്ചതിൽ 29 അപേക്ഷകൾ തീർപ്പാക്കി.

## പുത്തൂർ പഞ്ചായത്തിലെ ആയുർവേദ ആശുപത്രി കെട്ടിടം ഉദ്ഘാടനം ചെയ്തു

തൃശൂർ: നവീകരണം പൂർത്തിയാക്കിയ പുത്തൂർ പഞ്ചായത്തിലെ ആയുർവേദ ആശുപത്രി കെട്ടിടം റവന്യു വകുപ്പ് മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്തു. 23 ലക്ഷം രൂപ ചിലവഴിച്ചാണ് ആയുർവേദ ആശുപത്രി കെട്ടിടം നവീകരണം പൂർത്തിയാക്കിയത്. ആയുർവേദ മേഖലയിൽ ഇന്ന് മികച്ച പ്രവർത്തനമാണ് സർക്കാർ നടത്തുന്നതെന്നും, നിരവധി പദ്ധതികൾ ആയുർവേദ മേഖലയിൽ നടപ്പാക്കി വരികയാണെന്നും, അസുഖങ്ങളെ ശാശ്വതമായ രീതിയിൽ പരിഹരിക്കാൻ ആയുർവേദത്തിന് കഴിയുമെന്നും ഉദ്ഘാടന പ്രസംഗത്തിൽ മന്ത്രി കെ. രാജൻ പറഞ്ഞു.

ആശുപത്രി അങ്കണത്തിൽ നടന്ന ചടങ്ങിൽ പുത്തൂർ പഞ്ചായത്ത് പ്രസിഡണ്ട് മിനി ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷതവഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡണ്ട് അശ്വതി സുനീഷ്, പഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ പി.എസ് സജിത്ത്, ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി അദ്ധ്യക്ഷ സിനി പ്രദീപ് കുമാർ, പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ നളിനി വിശ്വംഭരൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ലിബി വർഗ്ഗീസ്, എച്ച്.എം.സി മെമ്പർ രാമകൃഷ്ണൻ, മെഡിക്കൽ ഓഫീസർ ഡോ. റോസ്ലിൻ എന്നിവർ സംസാരിച്ചു.





സംയുക്ത ട്രേഡ് യൂണിയൻ സമര പ്രഖ്യാപന കൺവൻഷൻ പി കെ ജോൺ ഉൽഘാടനം ചെയ്തു. അദ്ധ്യക്ഷൻ എം കെ ബാലകൃഷ്ണൻ സ്വാഗതം പി എ സിദ്ധിക് I.T. ജോസ് INTUC, മുഹമ്മദ് സിംല STU , K.J. സ്റ്റാലിൻ ഉടമ സംഘടന എന്നിവർ അഭിവാദ്യം ചെയ്ത് സംസാരിച്ചു. ബിജു നന്ദി പറഞ്ഞു

## സംസ്ഥാനതല മെമ്പർഷിപ്പ് ക്യാമ്പയിന്റെ ഉദ്ഘാടനവും വിധവാ കൂട്ടായ്മയും





തൃശൂർ: പാർശ്വവൽക്കരിക്കപ്പെടുന്ന സമൂഹമായി വിധവകൾ മാറേണ്ടതില്ലെന്നും അവർ മുഖ്യധാരയിലേക്ക് കടന്ന് വരണമെന്നും വിധവകൾ സമൂഹത്തിൽ മാറ്റിനിർത്തപ്പെടേണ്ട വിഭാഗം അല്ലെന്നും അവർ മുഖ്യധാരയോട് ചേർന്നുനിന്നുകൊണ്ട് സാമ്പത്തിക പുരോഗതി ആർജിക്കുന്നതിനായി കൂട്ടായ പ്രവർത്തനം നടത്തണമെന്നും ഗ്രാമസ്വരാജ് ഫൗണ്ടേഷൻ ചെയർമാനും ജനശക്തിവിധവാ സംഘംഅഡ്വൈസറി ചെയർമാനുമായ എം. എൻ. ഗിരി ആവശ്യപ്പെട്ടു.സർക്കാർ തലത്തിൽ നടപ്പാക്കുന്ന പല പദ്ധതികളും അർഹരായ വിധവകൾക്ക് ലഭിക്കുന്നില്ലെന്ന് അത് നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജനശക്തി വിധവാ സംഘം നടപ്പാക്കണമെന്നും അദ്ദേഹം തുടർന്ന് പറഞ്ഞു. ജനശക്തി വിധവാ സംഘം ആരംഭിക്കുന്ന കറി പൗഡർ തയ്യൽ യൂണിറ്റുകളും ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സഹായങ്ങൾക്ക് സർക്കാർ ഏജൻസികൾ മുന്നോട്ടു വരണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് വിധവകളെ ഏകോപിപ്പിച്ചുകൊണ്ട് ജനശക്തി വിധവാ സംഘംവിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന്റെ സംസ്ഥാന തല ഉദ്ഘാടനവും സംസ്ഥാന തല മെമ്പർഷിപ്പ് ക്യാമ്പയിന്റെ ഉദ്ഘാടനവും വിധവാ കൂട്ടായ്മയും ഉത്ഘാടനവും ചെയ്തു കൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം

സാഹിത്യ അക്കാദമി ചങ്ങമ്പുഴ ഹാളിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ ജനശക്തി വിധവാസംഘം സംസ്ഥാന ജനറൽ സെക്രട്ടറി കെ.എസ് ഹീര അധ്യക്ഷയായിരുന്നു. ജനശക്തി വിധവാ സംഘം നേതാക്കളായ കെ.കെ. ബേബി, പി.കെ. വനജ , ആലീസ് ആന്റണി, അരുന്ധതി പി.എം, രജനി.എ.ടി,നളിന പ്രഭ, സന്തോഷ് കുമാർ എം.ജി തുടങ്ങിയവർ സംസാരിച്ചു.

## അഖില കേരള ക്ഷീര കർഷക സെമിനാർ സംഘടിപ്പിച്ചു





ഇരിങ്ങാലക്കുട: കെ എസ് ഇ വജ്രജൂബിലി ആഘോഷ പരിപാടിയുമായി ബന്ധപ്പെട്ട് അഖില കേരള ക്ഷീര കർഷക സെമിനാർ ഇരിങ്ങാലക്കുട എം സി പി ഇന്റർനാഷ്ണൽ കൺവെൻഷൻ സെന്ററിൽ സംഘടിപ്പിക്കപ്പെട്ടു.

കെ എസ് ഇ മാനേജിംഗ് ഡയറക്ടർ എം പി ജാക്സൺ അധ്യക്ഷത വഹിച്ച യോഗത്തിൽ മണ്ണുത്തി വെറ്ററിനറി കോളേജ് ഡീൻ ഡോ കെ വിജയകുമാർ ഉദ്ഘാടനം നിർവ്വഹിച്ചു.

പശുക്കളിലെ പ്രത്യുല്പാദന പരിചരണം എന്ന വിഷയത്തിൽ ഡോ. അരവിന്ദ്ഘോഷ്, ലാഭകരമായ ഡയറി ഫാമിങ്ങ് എന്ന വിഷയത്തിൽ ഡോ പ്രസാദ് എ എന്നിവർ ക്ലാസുകൾ നയിച്ചു. വ്യത്യസ്ത ജില്ലകളിൽ നിന്നുള്ള 500 ലധികം ക്ഷീര കർഷകർ പങ്കെടുത്ത സെമിനാറിന് ജനറൽ മാനേജർ അനിൽ എം സ്വാഗതമാശംസിക്കുകയും മാർക്കറ്റിംഗ് മാനേജർ ഈപ്പൻ ചാൾസ് കുര്യൻ നന്ദി നേരുകയും ചെയ്തു.

## ആകാശപ്പാത നാടിന് സമർപ്പിച്ചു

തൃശൂർ :തൃശൂർ കോർപ്പറേഷന്റെ അഭിമാന പദ്ധതിയായ ആകാശപ്പാത തദ്ദേശ സ്വയംഭരണ മന്ത്രി എം.ബി. രാജേഷ് നാടിന് സമർപ്പിച്ചു. അമൃത് പദ്ധതിയിലുൾപ്പെടുത്തി 11 കോടി രൂപ ചെലവഴിച്ചാണ് ആകാശപ്പാത യാഥാർഥ്യമാക്കിയത്.

## ഡിജിറ്റൽ ലാന്റ് സർവെ ഉദ്ഘാടനം ചെയ്തു



പുതുക്കാട്: കേരള സർക്കാർ സർവെയും ഭൂരേഖയും വകുപ്പ് തൊറവ് വില്ലേജിൽ ആരംഭിച്ച ഡിജിറ്റൽ ലാന്റ് സർവെ കെ കെ രാമചന്ദ്രൻ എം എൽ എ ഉദ്ഘാടനം ചെയ്തു.

ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ എം ബാബുരാജ് അദ്ധ്യക്ഷനായിരുന്നു. വൈസ് പ്രസിഡന്റ് ഷൈനി ജോജു ത്രിതല പഞ്ചായത്തംഗങ്ങളായ അഡ്വ അൽ ജോ പുളിക്കൻ, സതി സുധീർ, ഷാജു കാളിയേങ്കര, രതി ബാബു, ആൻസി ജോബി, സുമ ഷാജു, പ്രീതി ബാലകൃഷ്ണൻ രാഷ്ട്രീയ കക്ഷി പ്രതിനിധികളായ ടി എസ് രാജു,സുനന്ദ ശശി, സെക്രട്ടറി ഇൻ ചാർജ് എം കെ വിജയൻ, വില്ലേജ് ഓഫീസർ എഫ് അൻവർഷാ, സി എ ജെല്ലി, എം ബി ബിന്നി എന്നിവർ പ്രസംഗിച്ചു.

## നിര്യാതരായി

### ലീല



തൃശൂർ : കോട്ടപ്പുറം അമ്പലത്തിനു മുൻവശം വടക്കൂട്ട് ഭവനിൽ ലീല (86) നിര്യാതയായി. ഭർത്താവ് പരേതനായ ഗംഗാധരൻ (റിട്ട. സ്പെഷൽ ഗ്രേഡ് ഓഡിറ്റർ, സഹകരണ വകുപ്പ്). മക്കൾ: വിദ്യാസാഗർ (റിട്ട. അസി. കമ്മീഷണർ, കൊച്ചിൻ ദേവസ്വം), ഗീത, ഗായത്രി (റിട്ട.ഹെഡ്മിസ്ട്രസ്, HSS, അഞ്ചേരി), ഗിരിജ, ഗലീന.

മരുമക്കൾ: രാജശ്രീ (റിട്ട. സീനിയർ മാനേജർ, കേരള ബാങ്ക്), ദേവവ്രതൻ, അഡ്വ. ടി.എം. മോഹനൻ, രവീന്ദ്രൻ, ശ്രീലാൽ (റിട്ട. സീനിയർ അക്കൗണ്ടന്റ്, ഏജീസ് ഓഫീസ്). ഭൗതിക ശരീരം തൃശൂർ മെഡിക്കൽ കോളേജിന് പഠനാവശ്യത്തിന് നൽകും.

### മേരി



പുതുക്കാട്: തട്ടിൽ മാപ്രാണത്തുകാരൻ അന്തോണി ഭാര്യ മേരി (85) നിര്യാതയായി. സസ്കാരം ഇന്ന് രാവിലെ പുതുക്കാട് സെന്റ് ആന്റണീസ് ഫൊറോന ദേവാസയ സെമിത്തേരിയിൽ നടത്തപ്പെട്ടു. മക്കൾ-സ്മിത, സ്മിജോ. മരുമക്കൾ-വർഗ്ഗീസ്, ജിബി

## പുത്തൂർ ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ ഗ്രൗണ്ട് നിർമ്മാണോദ്ഘാടനം ചെയ്തു

പുത്തൂർ ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ ഗ്രൗണ്ട് നിർമ്മാണോദ്ഘാടനം റവന്യു വകുപ്പ്മന്ത്രി കെ. രാജൻ നിർവഹിച്ചു. സംസ്ഥാനത്തെ പൊതുജനങ്ങളുടെ കായിക ക്ഷമത ഉയർത്തുന്നതിനോടൊപ്പം പ്രൊഫഷണൽ കായിക രംഗത്ത് മികവുറ്റ കായിക താരങ്ങളെ വാർത്തെടുക്കുന്നതിന് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുക എന്ന സംസ്ഥാന കായിക വകുപ്പിന്റെ പ്രവർത്തനത്തിന്റെ ഭാഗമായാണ് പുത്തൂർ സ്കൂളിൽ ആധുനിക സൗകര്യങ്ങളോടെയുള്ള ഗ്രൗണ്ട് നിർമ്മാണം. സംസ്ഥാന സർക്കാരിന്റെ 2022-23 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ച 2 കോടി രൂപ ചിലവഴിച്ചാണ് നിർമ്മാണ പ്രവർത്തികൾ നടത്തുക. ഗ്രൗണ്ട്, മഡ് കോർട്ട്, ഓപ്പൺ സ്റ്റേജ്, ഫ്രെഡ് ലൈറ്റ് തുടങ്ങിയ ആധുനിക സൗകര്യങ്ങളോടെയാണ് ഗ്രൗണ്ട് നിർമ്മാണം പൂർത്തിയാക്കുക.

### കോടതി പരസ്യം

**ബഹു. തൃശൂർ ഒന്നാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ**

OS: 2765/2018

ഊരകം കുറീസ് പ്രൈവറ്റ് ലിമിറ്റഡ്

-അന്യായം

പ്രഭു, S/o. പ്രഭാകരൻ, തൃത്താണി ഹൗസ്, പി ഒ കൂർക്കഞ്ചേരി, വടൂക്കര വില്ലേജ്, തൃശൂർ താലൂക്ക്, പിൻ-680007

-1-ാം പ്രതി

മേൽനമ്പ്ര് കേസിൽ 1-ാംപ്രതിക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്താൻ അനുവദിച്ച് മേൽ നമ്പർ കേസ് **01-10-2024** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ഇക്കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കാലത്ത് 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 19-09-2024
അന്യായഭാഗം അഡ്വക്കെറ്റ്
**പി എ മുരളീരാജ്** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ**

OP: 2517/2023

സ്വാതി

-ഹരജിക്കാരി

കൊടുങ്ങല്ലൂർ താലൂക്ക് ലോകമഹേശ്വരം വില്ലേജ് കൊടുങ്ങല്ലൂർ പോസ്റ്റ് പറപ്പുള്ളി ബസാർ തെക്കൂട്ട് ഹൗസ്, അശോകൻ മകൻ ശരത്

-1-ാം എതൃകക്ഷി

മേൽ നമ്പർ കേസിലെ 1-ാം എതിർകക്ഷിക്കുള്ള സമൻസും നോട്ടീസും പതിച്ചുനടത്തുവാൻ കല്പിച്ച് **04-10-2024** തിയ്യതിക്ക് വെച്ചിരിക്കുന്നു. അന്നേദിവസം രാവിലെ 11 മണിക്ക് നേരിട്ടോ അഡ്വക്കെറ്റ് മുഖാന്തിരമോ ബഹു കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 27-09-2024
ഹരജിഭാഗം അഡ്വക്കെറ്റ്
**ഷീജ സി ജോസഫ്**
(ഒപ്പ്)